ഉത്തരം

(എ & ബി) ഇതു സംബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ അധികാരികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനു ശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ബൈപാസ് റോഡിന്റെ പുനഃരുദ്ധാരണ പണികൾ

131 [1361] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ബൈപാസ് റോഡിന്റെ പുനഃരുദ്ധാരണ പണികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡ് റബ്ബറൈസ് ചെയ്യുന്ന പണി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പ്രസ്തുത പണിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

അത്തോളി കുനീകടവിൽ പണിത പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ്

132 [1363] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അത്തോളി കുനീകടവിൽ പണിത പുതിയ പാലത്തിലൂടെ ബസ്സ്, ലോറി തുടങ്ങിയ വാഹനങ്ങൾ കടന്നു പോകാൻ അപ്രോച്ച് റോഡ് വീതി കുറവായതുകൊണ്ട് സാധിക്കാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡ് വീതി കൂട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly